(ബി) മെഡിക്കൽകോളേജിൽനിന്നും ലഭിക്കുന്ന ഡോക്ടർമാരുടെ കണക്കനുസരിച്ചു എത്ര കൊല്ലം കൊണ്ടു് ഇവിടെ ആവശ്യമുള്ള ഡോക്ടർമാരെ കിട്ടും?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) ഇല്ല.

(ബി) അഞ്ചുകൊല്ലം കൊണ്ടു് ആവശ്യമുള്ള ഡോക്ടർമാരെ കിട്ടുമെന്നാണു കണക്കാക്കിയിരിക്കുന്നതു്.

മലമ്പനി.

* 979. [4] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഏതെല്ലാം പ്രദേശങ്ങൾ മലമ്പനിക്കു വിധേയമാണെന്നു കണ്ടുപിടിച്ചിട്ടുണ്ടു്;

(ബി) മലമ്പനി നിരോധനത്തിനു് ഏതെല്ലാം ഔഷധങ്ങൾ വിതരണം ചെയ്യുന്നുണ്ടു്;

(സി) മലമ്പനിശല്യം പരിപൂർണ്ണമായി നിയന്ത്രിക്കുന്നതിനു എന്തെല്ലാം പദ്ധതികൾ ഗവണ്മെന്റു് സ്വീകരിച്ചിട്ടുണ്ടു്?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) മലമ്പനിക്കു വിധേയമാണെന്നു കണ്ടുപിടിച്ചിട്ടുള്ള സ്ഥലങ്ങളുടെ ലിസ്റ്റു് താഴെ കൊടുക്കുന്നു.

തോവാള, കൽക്കുളം, വിളവങ്കോടു്, നെയ്യാറ്റിൻകര, നെടുങ്ങാടു്, പത്മനാഭപുരം, ചെങ്കോട്ട, പത്തനംതിട്ട, ചങ്ങനാശ്ശേരി, മീനച്ചൽ, മൂവാറ്റുപുഴ, തൊടുപുഴ, ദേവികുളം, പീരുമേടു്, കുന്നത്തുനാടു്, കുന്ദപുരം, തലപ്പിള്ളി, തൃശ്ശൂർ, ചിറ്റൂർ എന്നീ താലൂക്കുകളിലെ മലവാരപ്രദേശങ്ങൾ മലമ്പനിക്കു വിധേയമാണെന്നു കണ്ടുപിടിച്ചിട്ടുണ്ടു്.

(ബി) ക്ലോറോക്വിൻ, പ്രൈമാക്വിൻ, നിവാക്വിൻ, ക്വിനോസോമിൻ, ക്വിനാക്രിൻ, മൈപ്രാക്രിൻ, കൊയിനാ എന്നീ ഔഷധങ്ങൾ.

(സി) മലമ്പനിബാധിതപ്രദേശങ്ങളിലുള്ള വീടുകളിൽ ഡി. ഡി. റ്റി. തളിക്കുക, രോഗികൾക്കു സൌജന്യമായി മരുന്നുകൾ വിതരണം ചെയ്യുക ഈ പദ്ധതികളാണു് സ്വീകരിച്ചിട്ടുള്ളതു്.

കാളനൈസേഷൻ.

* 980. [5] ശ്രീ. പി. വിശ്വംഭരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാളനൈസേഷൻ ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ ഈ വർഷത്തിൽ എതെങ്കിലും കാളനി പുതുതായി ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെണ്ണം ; എവിടെയെല്ലാം ;

(ബി) തിരുവനന്തപുരം ഡിസ്ട്രിക്ടിലെ അഴീക്കൽ കാളനിയ്ക്കു ഭൂമി നൽകിയ കുടുംബങ്ങൾക്കു് ഗവണ്മെന്റു് എന്തെല്ലാം സഹായങ്ങൾ ഇതിനകം നൽകിയിട്ടുണ്ടു് ?

LIBRARY ARCHIVES Kerala Legislative Assembly